(ഡി) ഇങ്ങനെ നിയമനം ലഭിച്ചിട്ടുള്ളവർ പോലീസ് ട്രെയിനിംഗ് കോളേജിൽനിന്നും പരിശീലനം നേടിയവരും ഒബ്ലിഗേറ്ററി ടെസ്റ്റുകൾ പാസ്സായവരും പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയവരും ആണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയൻ വിഭാഗത്തിൽ.

(ബി) ജനറൽ കാറ്റഗറിയിൽ സർക്കാരിന് സർവ്വീസ് നിയമങ്ങൾക്കനുസരണമായി നിയമനം നടത്താവുന്നതാണ്.

(സി) സർക്കാർ തീരുമാനമനുസരിച്ച് മിനിസ്റ്റീരിയൽ ജീവനക്കാരായി നിയമനം നൽകിയിട്ടുണ്ട്.

(ഡി) (സി)-യുടെ ചോദ്യത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

വിദേശികൾ സംസ്ഥാനത്തെത്തി വിധ്വംസക പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ കരുതൽ നടപടി

165 [3132] *ശ്രീ. കെ. സുധാകരൻ:*
„ *ലൂഡി ലൂയിസ്:*
„ *എം. മുരളി:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് അൽഖയ്ദാ ബന്ധമുള്ള വിദേശികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അവർ സംസ്ഥാനത്ത് എത്തിയതെന്നാണ്;

(സി) അവർ സംസ്ഥാനത്ത് എവിടെയെല്ലാം താമസിച്ചു;

(ഡി) ആരോടെല്ലാം അവർ ബന്ധപ്പെടുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിലുള്ള വിദേശികൾ സംസ്ഥാനത്തെത്തി വിധ്വംസക പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തെല്ലാം മുൻകരുതലെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) — (ഡി) മുകളിൽ (എ) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദേശരാജ്യങ്ങളിൽനിന്നും എത്തുന്ന വിദേശികളായ യാത്രക്കാരുടെ യാത്രാരേഖകളും മറ്റും വിശദമായ പരിശോധനയ്ക്ക് എയർപോർട്ടുകളിലെ ഇമിഗ്രേഷൻ വിഭാഗം വിധേയമാക്കാറുണ്ട്. പ്രസ്തുത യാത്രക്കാരെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത യാത്രക്കാർ പ്രഖ്യാപിത കുറ്റവാളികൾ അല്ലായെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ പ്രവേശനാനുമതി നൽകാറുള്ളൂ. കൂടാതെ രഹസ്യാന്വേഷണ വിഭാഗവും ലോക്കൽ പോലീസും വിദേശികളെക്കുറിച്ച് രഹസ്യാന്വേഷണം നടത്തി ഇവർ വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പോലീസ് ഓഫീസർമാരുടെ സെക്യൂരിറ്റി ഗാർഡ് നിയമനം

166 [3133] *ശ്രീ. വർക്കല കഹാർ:*

,, *തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ഏത് റാങ്ക് മുതലുള്ള പോലീസ് ഓഫീസർമാർക്കാണ് സെക്യൂരിറ്റി ഗാർഡിനെ ലഭിക്കുവാൻ നിയമപരമായി അർഹതയുള്ളത്;

(ബി) ഓരോ റാങ്കിലും എത്ര പോലീസുകാരെ സെക്യൂരിറ്റി ഗാർഡുമാരായി നിയമിക്കാം എന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം സിറ്റി ആംഡ് റിസർവ്വ് പോലീസിൽനിന്നും വിവിധ പോലീസ് ഓഫീസർമാരുടെ സെക്യൂരിറ്റി ഗാർഡുകളായി ഇപ്പോൾ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഇങ്ങനെ സെക്യൂരിറ്റി ഗാർഡുമാരായി ജോലി ചെയ്യുന്ന പോലീസുകാരുടെ പേരും റാങ്കും വെളിപ്പെടുത്താമോ;

(ഇ) ഇവർ ആരുടെകൂടെയാണ് സേവനമനുഷ്ഠിക്കുന്നതെന്നും എന്നു മുതൽക്കാണ് നിയമനം ലഭിച്ചതെന്നും ഇങ്ങനെ നിയമനം നൽകിയ ഉത്തരവ് ആരുടേതാണെന്നും അതിന്റെ തീയതി സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡിവൈ. എസ്. പി. റാങ്ക് മുതലുള്ള പോലീസ് ഓഫീസർമാർക്കാണ് സെക്യൂരിറ്റി ഗാർഡിനെ ലഭിക്കുവാൻ നിയമപരമായി അർഹതയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly